# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2302** **18/06/2014-ൽ മറുപടിക്ക്**

## 108 ആംബുലൻസ് സർവ്വീസിന് പകരം സംവിധാനം

**ചോദ്യം** **മറുപടി**

ശ്രീ. തോമസ് ചാണ്ടി
" എ. കെ. ശശീന്ദ്രൻ

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളുമായി പ്രശസ്തമായ രീതിയിൽ സൗജന്യസേവനം നൽകി വരുന്ന 108 ആംബുലൻസുകൾ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | (എ) & (ബി) | 108 ആംബുലൻസ് സംവിധാനം ബി.എൽ.എസ്. ക്രമീകരണത്തോടെ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന് പകരമായി ഫലപ്രദമായ രീതിയിൽ സേവനം നടത്തുന്ന എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | | |
| (സി) | പുതുതായി ഏർപ്പെടുത്തുന്ന ബി.എൽ.എസ്. ആംബുലൻസിൽ എല്ലാരോഗികൾക്ക് ആവശ്യമായ വെന്റിലേറ്റർ സംവിധാനവും മിനി ഐ.സി.യു എന്ന നിലയിൽ പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് ലൈഫ് സപ്പോർട്ടും ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ ; | (സി) | നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ബി.എൽ.എസ്. ആംബുലൻസുകളിൽ മെക്കാനിക്കൽ വെന്റിലേഷന് പകരം മാന്വൽ വെന്റിലേഷനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. |
| (ഡി) | പ്രത്യേകം പരിശീലനം ലഭിച്ച നഴ്സുമാരുടെ സേവനവും ലഭ്യമാക്കുമോയെന്ന് വെളിപ്പെടുത്താമോ ? | (ഡി) | പ്രത്യേക പരിശീലനം സിദ്ധിച്ച സ്റ്റാഫിന്റെ സേവനം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ